**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3495 12/12/2014-ൽ മറുപടി നല്കേണ്ടിയിരുന്നത്

# മണ്ഡലങ്ങളിലെ നിറവ് പദ്ധതിയുടെ ഏകോപനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നിറവ് പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് മണ്ഡലങ്ങളിൽ പ്രത്യേക ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ; | എ) നിറവ് പദ്ധതിയ്ക്ക് മാത്രമായി പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. തിരഞ്ഞെടുത്ത നിയോജക മണ്ഡലത്തിന്റെ വികസനത്തിന് വേണ്ടി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. |
| ബി) നടപ്പ് പദ്ധതികളുമായി ബന്ധിപ്പിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) വിവിധ വികസന വകുപ്പുകൾ പ്രസ്തുത പദ്ധതികൾ ഏകോപിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | സി) വിവിധ വികസന വകുപ്പുകളുടെ പദ്ധതികൾ ഏകോപിച്ചാണ് മണ്ഡലത്തിന്റെ "നിറവ്" പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) മണ്ഡലങ്ങളിലെ നിറവ് പദ്ധതിയുടെ ഏകോപനത്തിനായി പ്രിൻസിപ്പൽ കൃഷി ഓഫീസറെയാണോ നിയോഗിച്ചിട്ടുള്ളത്; എങ്കിൽ അതിനു പകരം അതത് മണ്ഡലങ്ങളിൽ കൂടുതൽ ഏരിയ വരുന്നിടത്തെ അസിസ്റ്റന്റ് ഡയറക്ടർമാരെ ഏകോപന ചുമതല ഏല്പിക്കാമോ? | ഡി) നിറവ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രൂപീകരിച്ച നിയോജകമണ്ഡലം കമ്മിറ്റിയുടെ കൺവീനർ പ്രിൻസിപ്പൽ കൃഷി ഓഫീസറാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഈ കമ്മിറ്റിയിലെ അംഗമാണ്. ഇതു കൂടാതെ പദ്ധതി നിർവ്വഹണത്തിനായുള്ള ഇംപ്ലിമെന്റിംഗ് കമ്മിറ്റിയുടെ കൺവീനർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആണ്. ആയതിനാൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**